## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *329 12/12/2018 ൽ മറുപടിക്ക്

### അഴിമതി നിർമ്മാർജ്ജനം

**ചോദ്യം**

ശ്രീ.പി.ടി.എ. റഹീം
,, എസ്.ശർമ്മ
,, എം. രാജഗോപാലൻ

**മറുപടി**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അഴിമതി പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്ത് സുസ്ഥിര വികസനം സാധ്യമാക്കുന്നതിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് അഴിമതി പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്ത് സുസ്ഥിര വികസനം സാധ്യമാക്കുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്.<br>1) ഇ-ഗവേണൻസ് സംവിധാനം ഉപയോഗിച്ച് ഭരണ നിർവ്വഹണം കൂടുതൽ സുതാര്യമാക്കുന്നതിനായി വെബ് അധിഷ്ഠിതമായ ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസിംഗ് സിസ്റ്റം (iAPS) ആരംഭിച്ചു.<br>2) ഡിജിറ്റൽ തെളിവുകൾ സ്വീകരിക്കുന്നതിനും കേസ് അന്വേഷണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്. സൈബർ ഫോറൻസിക് & ഡിജിറ്റൽ എവിഡൻസ് കളക്ഷൻ ട്രെയിനിംഗ് സി-DAC വഴി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.<br>3) വിജിലൻസിന്റെ കൈവശം ഉള്ള ഫയലുകളും രേഖകളും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനായി ഡി-സ്പേസ് (D-Space) എന്ന ആർക്കൈവ് സംവിധാനം ആരംഭിക്കുന്നുണ്ട്.<br>4) വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായി വാർത്താ വിനിമയത്തിനായി പോലീസ് വകുപ്പിൽ ഉപയോഗിച്ചുവരുന്ന CoB (Communication Back Bone) സംവിധാനം ആരംഭിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | 5) ഉദ്യോഗസ്ഥർ തമ്മിലുള്ള ആശയവിനിമയം വേഗത്തിലാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ഓഫീസുകളിൽ വീഡിയോ കോൺഫറൻസിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br>6) അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അന്വേഷണ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി 12 വാഹനങ്ങളും 7 ഡിജിറ്റൽ ക്യാമറകളും രഹസ്യനിരീക്ഷണത്തിനുള്ള സാങ്കേതിക ഉപകരണങ്ങളും , 60 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. കൂടാതെ 101 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br>7) വിജിലൻസ് അന്വേഷണം സംബന്ധിച്ച വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനായി, വിജിലൻസ് അന്വേഷണം/കേസുകൾ എന്നിവ ഉൾക്കൊള്ളുന്ന ഡേറ്റാ ബാങ്കായ വിജിലൻസ് സ്യൂട്ട് കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്.<br>8) അഴിമതി മുക്ത കേരളം സാക്ഷാത് കരിക്കുന്നതിന്റെ ഭാഗമായി വിജിലൻസിനെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിനും അഴിമതി കുറച്ചുകൊണ്ടുവരുന്നതിനുമായി ദൃശ്യമാദ്ധ്യമങ്ങൾ വഴിയും എഫ്.എം.ചാനൽ വഴിയും വിവിധ തരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അഴിമതിക്കെതിരെയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മൊബൈൽ ആപ്ളിക്കേഷനുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) & (സി) | അഴിമതിക്കെതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ ലഭ്യമാക്കുന്നതിനായി 1064 എന്ന ടോൾഫ്രീ നമ്പരും 9447789100 എന്ന നമ്പരിൽ വാട്ട്സ് ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2017-ൽ വിജിലൻസ് website നവീകരിക്കുകയും വെബ് സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റീഷൻ (www.publicvig.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പരാതികൾ കൈകാര്യം ചെയ്യുന്നതിനു മാത്രമായി CPSP (Centralized Processing System of Petition) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് iAPS (Internal Administrative Processing System) മുഖേന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേക്ക് വേഗത്തിൽ കൈമാറുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. |
| (സി) | അഴിമതി സംബന്ധിച്ച പരാതികൾ നൽകുന്നതിന് പൊതുജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഒരുക്കിയിരിക്കുന്നത്; | | |
| ഡി) | അഴിമതി ഇല്ലാതാക്കുന്നതിന്റെ ഭാഗമായി പി.എസ്.സി. വഴി പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് സദ്ഭരണ പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | സർവ്വീസിൽ പുതുതായി പ്രവേശിക്കുന്നവർക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് വഴി ഇൻഡക്ഷൻ കോഴ്സ് നൽകാറുണ്ട്. |
| ഇ) | അഴിമതി വെളിച്ചത്ത് കൊണ്ടുവരുന്നവർക്ക് സർക്കാർ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | ഒരു കോടിയിലധികം രൂപയുടെ അഴിമതി വെളിച്ചത്തു കൊണ്ടുവരുന്നവർക്കുവേണ്ടി വാർഷിക അവാർഡ് അഞ്ചുലക്ഷം രൂപ 25.01.2017 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 16/2017/വിജി പ്രകാരം ഏർപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**